നാട്ടുപൂക്കളുടെ പ്രദർശനം 18ന്

തൃശൂർ: അന്താരാഷ്ട്ര പരിസ്ഥിതി സംഘടനയായ ഓയിസ്ക ഇന്റർനാഷണലിന്റെയും തൃശൂർ കോ-ഓപ്പറേറ്റീവ് കോളെജിന്റെയും ആഭിമുഖ്യത്തിൽ പത്താമത് നാടൻ പൂക്കളുടെ പ്രദർശനം ചൊവ്വാഴ്ച തൃശൂർ കോ-ഓപ്പറേറ്റീവ് കോളെജ് ഓഡിറ്റോറിയത്തിൽ നടക്കും. നാട്ടിൽ അന്യം നിന്നുകൊണ്ടിരിക്കുന്നതും വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നതുമായ പൂച്ചെടികളെ സംരക്ഷിക്കുക, നിലനിർത്തുക, പുതുതലമുറക്കും ഭാവി തലമുറയ്ക്കും പരിചയപ്പെടുത്തുക, ജൈവവൈവിധ്യം നിലനിർത്തുക തുടങ്ങിയ ഉദ്ദേശത്തോടുകൂടിയാണ് ഈ പ്രദർശനം നടത്തുന്നത്. പ്രദർശനത്തിന്റെ ഔപചാരിക ഉദ്ഘാടനം രാവിലെ 10 മണിക്ക് നടക്കും.

സ്വാതന്ത്ര്യ ദിനാഘോഷം

അന്തിക്കാട്: കണ്ടശ്ശാംകടവ് മർച്ചന്റ്സ് അസോസിയേഷന്റെ സ്വാതന്ത്ര്യ ദിനാഘോഷവും മർച്ചന്റ്സ് സുവർണ ജൂബിലി ആഘോഷ നറുക്കെടുപ്പും ശനിയാഴ്ച വിപുലമായി സംഘടിപ്പിക്കുമെന്ന് അസോസിയേഷൻ പ്രസിഡന്റ് ജോയ്മോൻ പള്ളിക്കുന്നത്, സെക്രട്ടറി വർഗീസ് പി. ചാക്കോ, ജനറൽ കൺവീനർ എ.ജെ. ജിജോ എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. സുവർണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളാണ് നടത്തുന്നത്. സ്വാതന്ത്ര്യ ദിനത്തിൽ വിദ്യാർഥികളെ പങ്കെടുപ്പിച്ച് റാലി, കുട്ടികളുടെ പ്രഭാഷണം, സമ്മാന വിതരണം, സമ്മാന കൂപ്പണുകളുടെ ആദ്യ ഘട്ട നറുക്കെടുപ്പ് എന്നിവ നടത്തും. വിദ്യാർഥികൾ, വ്യാപാരികൾ, ജനപ്രതിനിധികൾ എന്നിവരെ അണിനിരത്തി വാദ്യമേളങ്ങളോടെ നടക്കുന്ന ഘോഷയാത്ര രാവിലെ 10.30ന് കണ്ടശ്ശാംകടവ് ഗവ. ഹൈസ്കൂളിൽ നിന്ന് ആരംഭിക്കും. തുടർന്ന് ബോട്ട് ജെട്ടിയിൽ നടക്കുന്ന ആഘോഷ പരിപാടി ഡി ഇഒ രോഹിത്ത് നന്ദകുമാർ ഉദ്ഘാടനം ചെയ്യും. അന്തിക്കാട് സിഐ കേഴ്സൻ മാർക്കോസ് സമ്മാന വിതരണം നടത്തും. വാർത്താ സമ്മേളനത്തിൽ അസോസിയേഷൻ ട്രഷറർ പി.എസ്. സുരാജ്, പബ്ലിസിറ്റി കൺവീനർ പി.ഒ. പോൾ എന്നിവരും പങ്കെടുത്തു.

സെമിനാറും ക്വിസ് മത്സരവും 18ന്

തൃശൂർ: മുൻ മുഖ്യമന്ത്രി സി. അച്ചുതമേനോന്റെ 35-ാം ചരമ വാർഷികത്തോട് അനുബന്ധിച്ച് കാലിക്കറ്റ് സർവകലാശാല സി. അച്ചുതമേനോൻ ചെയർ സംഘടിപ്പിക്കുന്ന സ്മൃതി സെമിനാറും ക്വിസ് മത്സരവും 18ന് നടക്കും. കേരള സാഹിത്യ അക്കാഡമിയിൽ വൈകിട്ട് മൂന്നിന് നടക്കുന്ന സ്മൃതി സംഗമവും 'ഭാവി കേരളം' വിഷയത്തിലുള്ള സെമിനാറും ഗതാഗത മന്ത്രി സി.പി. ജോൺ ഉദ്ഘാടനം ചെയ്യും. പ്രൊഫ. സി. രവീന്ദ്രനാഥ് എംഎൽഎ, അഡ്വ. പി. സന്തോഷ് കുമാർ എംപി, പി.പി. സുനീർ എംപി, കെ. കെ. വത്സരാജ് എംഎൽഎ, മുതിർന്ന മാധ്യമപ്രവർത്തകൻ ആർ. രാജഗോപാൽ, ഡോ. വി. രാമൻകുട്ടി എന്നിവർ സംസാരിക്കും. സ്മൃതി സംഗമത്തിന്റെ ഭാഗമായി സർക്കാർ, എയ്ഡഡ് കോളെജുകളിലെ വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന ക്വിസ് മത്സരം 18ന് രാവിലെ പത്തിന് തൃശൂർ ശ്രീ സി. അച്ചുതമേനോൻ ഗവ. കോളെജിൽ നടക്കും. മുൻ മന്ത്രി കെ. രാജൻ എംഎൽഎ മത്സരം ഉദ്ഘാടനം ചെയ്യും. വാർത്താസമ്മേളനത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി സി. അച്ചുതമേനോൻ ചെയർ ഗവേണിങ് ബോഡി അംഗം കെ.കെ. വത്സരാജ് എംഎൽഎ, സംഘാടക സമിതി ജനറൽ കൺവീനർ ടി. പ്രദീപ് കുമാർ എന്നിവർ പങ്കെടുത്തു.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശനം

തൃശൂർ: പൂത്തോളിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2026-27 അധ്യയന വർഷത്തെ വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചു. ഹോട്ടൽ മാനേജ്മെന്റ് മേഖലയിലെ ഒരു വർഷത്തെ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. ഫുഡ് ആൻഡ് ബെവറേജ് സർവീസ്, ഫ്രണ്ട് ഓഫിസ് ഓപ്പറേഷൻ, ഹോട്ടൽ അക്കൊമഡേഷൻ ഓപ്പറേഷൻ എന്നീ കോഴ്സുകളിലാണ് ഏതാനും സീറ്റുകൾ ഒഴിവുള്ളത്. താത്പര്യമുള്ള വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഇൻസ്റ്റിറ്റ്യൂട്ടിൽ നേരിട്ട് ഹാജരാകണം. ഫോൺ- 0487 2384253, 9447610223, 9656720906. വെബ്സൈറ്റ്- www.fcikerala.org

80 അടിയുടെ ദേശീയപതാക മാതൃകയുമായി കുരുന്നുകൾ

80 അടി നീളമുള്ള ദേശീയ പതാകയുടെ മാതൃകയുമായി അന്തിക്കാട് കെജിഎം സ്കൂളിലെ കുരുന്നുകൾ

അന്തിക്കാട്: രാജ്യത്തിന്റെ 80-ാം സ്വാതന്ത്ര്യദിനത്തെ വേറിട്ട രീതിയിൽ വരവേറ്റ് അന്തിക്കാട് കെജിഎം സ്കൂളിലെ കുരുന്നുകൾ. 80-ാം സ്വാതന്ത്ര്യദിനത്തിന്റെ പ്രതീകമായി 80 അടി നീളമുള്ള ദേശീയപതാകയുടെ മാതൃകയുമായി വിദ്യാർഥികൾ അണിനിരന്നത് ആഘോഷത്തിന് വർണ കാഴ്ചയൊരുക്കി.

കുഞ്ഞുമനസുകളിൽ ദേശസ്നേഹവും ദേശീയബോധവും വളർത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ നൂറുകണക്കിന് കുരുന്നുകൾ അണിചേർന്നു. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജ്യോതി ലക്ഷ്മി വസന്തൻ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് അജീഷ അൻവർ അധ്യക്ഷത വഹിച്ചു. സ്കൂൾ പ്രധാനാധ്യാപകൻ ജോഷി ഡി. കൊള്ളന്നൂർ, എംപിടിഎ പ്രസിഡന്റ് പ്രവ്യ രഞ്ജിത്ത്, പ്രോഗ്രാം കോ-ഓർഡിനേറ്റർ അനീന ടീച്ചർ, റിജി ടീച്ചർ, പിടിഎ എക്സിക്യൂട്ടീവ് അംഗങ്ങളായ വി ആർ ഹിബ, കൃഷ്ണപ്രിയ, പി എ നൗഷാദ് എന്നിവർ സംസാരിച്ചു.

പിന്നോക്ക വികസന കോർപ്പറേഷൻ വായ്പ വിതരണം മന്ത്രി ഒ.ജെ. ജനീഷ് നിർവഹിക്കുന്നു

കുടുംബ ബജറ്റ്

സ്ത്രീകളുടെ പങ്ക് നിർണായകം: മന്ത്രി ജനീഷ്

തൃശൂർ: കുടുംബ ബജറ്റ് കെട്ടുറപ്പോടെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ സ്ത്രീകളുടെ പങ്ക് നിർണായകമാണെന്നും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിൽ അവർ എന്നും മുൻപന്തിയിലാണെന്നും മന്ത്രി ഒ.ജെ. ജനീഷ്. കുഴൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സിഡിഎസ് സംഘടിപ്പിച്ച പിന്നോക്ക വികസന കോർപ്പറേഷൻ വായ്പ വിതരണവും ഇന്റഗ്രേറ്റഡ് ഫാമിംഗ് ക്ലസ്റ്റർ എൽഎസ് സി സെന്ററിന്റെ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മന്ത്രി. ലഭിക്കുന്ന ഓരോ രൂപയും അളന്നു മുറിച്ച് കൃത്യമായി വിനിയോഗിക്കാനുള്ള കഴിവ് സ്ത്രീകൾക്കുണ്ട്. സ്ത്രീകളിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് പിന്നോക്കക്ഷേമ വികസന കോർപ്പറേഷന്റെ വായ്പ വിതരണം വലിയ ഊർജ്ജമാകുമെന്നും മന്ത്രി വ്യക്തമാക്കി.

24 അയൽക്കൂട്ടങ്ങൾക്കായി 1.64 കോടി രൂപയാണ് വായ്പയായി നൽകിയത്. എരവത്തൂർ എസ്എൻഡിപി ഹാളിൽ നടന്ന ചടങ്ങിൽ കുഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിൽവി സേവ്യർ അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ അഭിജിത്ത് കെ. ദീപക് മുഖ്യാതിഥിയായി. കുഴൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.എ. ജോജോ, ബ്ലോക്ക് പഞ്ചായത്തംഗം ഇ. കേശവൻകുട്ടി, കുഴൂർ സിഡിഎസ് ചെയർപേഴ്സൺ സ്മിതാ വിപിൻദാസ്, മെമ്പർ സെക്രട്ടറി പി. ജെ ജലീൽ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ പങ്കെടുത്തു.

രാമശ്ശേരി ഗാന്ധി ആശ്രമത്തിൽ താമര സദ്യ നാളെ

പാലക്കാട്: രാമശ്ശേരി ഗാന്ധി ആശ്രമത്തിന്റെയും വെള്ളൂർ നവജീവനം ട്രസ്റ്റിന്റെയും ആഭിമുഖ്യത്തിൽ ഞായറാഴ്ച താമര സദ്യ നടക്കും.

പത്മഭോജനം എന്ന പേരിൽ പുരാതനകാലത്ത് ആരോഗ്യകാംക്ഷികൾ വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം നടത്തിവന്നിരുന്ന താമര സദ്യയാണ് ഇത്തവണ പുനരാവിഷ്കരിക്കുന്നത്. രാമശ്ശേരി ഗാന്ധി ആശ്രമ അങ്കണത്തിൽ ഞായറാഴ്ച രാവിലെ 11 മണിക്കാണ് സദ്യ ആരംഭിക്കുന്നത്.

താമര ഇലയും പൂവും തണ്ടുകളും താമരക്കിഴങ്ങും ഉപയോഗിച്ചുള്ള താമരപ്പൂ തോരൻ (ഉപ്പേരി), താമര തണ്ട് കറി, താമര യില സൂപ്പ്, താമര സൂപ്പ്, താമര ചമ്മന്തി, താമര തണ്ട് അച്ചാർ, താമരയില ഉപ്പേരി, താമര സാമ്പാർ, താമര കൂട്ട് കറി, താമരപ്പൂളിശ്ശേരി, താമര അവിയൽ, താമരപ്പായസം, താമര സംഭാരം എന്നിവ കൂടാതെ തുമ്പപ്പൂ ചോറും ഉണക്കലരി ചോറും പപ്പടവും കായ വറുത്തതും ശർക്കര വരട്ടിയും പച്ചടിയും അടങ്ങുന്ന 18 വിഭവങ്ങളാണ് താമര സദ്യക്കായി ഒരുക്കുന്നത്.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9447483106, 8590991645 എന്നീ നമ്പറുകളിൽ ബന്ധപ്പെടണമെന്ന് സംഘാടകർ അറിയിച്ചു.

ഓണക്കാലത്തെ അമിതയാത്രാ നിരക്ക് നിയന്ത്രിക്കണം: മനുഷ്യാവകാശ കമ്മിഷൻ

കോഴിക്കോട്: ഓണക്കാലത്തെ അമിത യാത്രാനിരക്ക് നിയന്ത്രിക്കുന്നതിനും കൂടുതൽ സ്പെഷ്യൽ സർവിസുകൾ അനുവദിക്കുന്നതിനും ചീഫ് സെക്രട്ടറി അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ.

റെയ്ൽവെ, സിവിൽ ഏവിയേഷൻ, അന്തർസംസ്ഥാന ബസ് ഓപ്പറേറ്റർമാരുടെ പ്രതിനിധികൾ, കെഎസ്ആർടിസി ഉൾപ്പെടെയുള്ള റോഡ്, റെയ്ൽ, എയർ ട്രാൻസ്പോർട്ട് അതോറിറ്റികൾ എന്നിവരുമായി ചീഫ് സെക്രട്ടറി ഉന്നതതല ചർച്ച നടത്തണമെന്ന് കമ്മിഷൻ ഉത്തരവിൽ പറഞ്ഞു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളും ആവിഷ്കരിച്ച പരിഹാരമാർഗങ്ങളെയും കുറിച്ചുള്ള വിശദമായ റിപ്പോർട്ട് 15 ദിവസത്തിനകം സമർപ്പിക്കണമെന്ന് കമ്മിഷൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

സെപ്റ്റംബറിൽ വെസ്റ്റ്ഹിൽ പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിങ്ങിൽ കേസ് പരിഗണിക്കും. ഓണത്തിന് നാട്ടിലെത്താൻ മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് മലബാർ ഡവലപ്പമെന്റ് കൗൺസിൽ പ്രസിഡന്റ് ഷെവലിയാർ സി.ഇ. ചാക്കുണ്ണി സമർപ്പിച്ച പരാതിയിലാണ് നടപടി. ഓണക്കാലത്ത് വിമാനം, ട്രെയ്ൻ, അന്തർസംസ്ഥാന സ്വകാര്യ ബസുകൾ തുടങ്ങിയവയിൽ ചാർജ് പതിന്മടങ്ങ് വർധിപ്പിക്കുന്നത് സാധാരണക്കാരായ യാത്രക്കാർ അനുഭവിക്കുന്ന മനുഷ്യാവകാശ ലംഘനമാണെന്നും ഉത്സവകാലങ്ങളിൽ യാത്രാ സൗകര്യം ന്യായമായ രീതിയിൽ ഉറപ്പാക്കേണ്ടത് ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിന്റെ മൗലികമായ ഉത്തരവാദിത്തമാണെന്ന് ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു.

സ്പെഷ്യൽ സർവിസുകൾ തുടങ്ങണം

യാത്രാനിരക്ക് ക്രമാതീതമായി വർധിപ്പിക്കുന്നത് തടയാൻ ഔദ്യോഗിക സംവിധാനങ്ങൾക്ക് കഴിയാത്തത് നിർഭാഗ്യകരമാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ടെങ്കിലും ഇടപെടാതിരിക്കുന്നത് ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ ഹനിക്കുന്ന വിഷയമാണെന്ന് കമ്മിഷൻ വ്യക്തമാക്കി.

വൈക്കം വിജയലക്ഷ്മിക്ക് ഹൃദയ പുരസ്കാരം

തൃശൂർ: ഹൃദയ ഫൗണ്ടേഷൻ പുരസ്കാരം ഗായിക വൈക്കം വിജയലക്ഷ്മിക്ക് നൽകുമെന്ന് ഭാരവാഹികൾ അറിയിച്ചു. 50,000 രൂപയും പ്രശസ്തിപത്രവും ശിൽപ്പവും ഉൾപ്പെടുന്നതാണ് പുരസ്കാരം. ശാരീരിക പരിമിതികൾക്കിടയിലും സംഗീത ലോകത്ത് വൈക്കം വിജയലക്ഷ്മിയുടെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് അവാർഡിന് അർഹയാക്കിയത്. ഗാനാലാപന രംഗങ്ങളിലെ സമഗ്രസംഭാവനകൾക്കുള്ള പുരസ്കാരം ഈമാസം അവസാനവാരം തൃശൂരിൽ നടക്കുന്ന ചടങ്ങിൽ വിതരണം ചെയ്യും. സാമൂഹിക രാഷ്ട്രീയ സിനിമാ മേഖലകളിലെ ഒട്ടനവധി പ്രതിഭകൾ ചടങ്ങിൽ പങ്കെടുക്കും.

വാർത്താ സമ്മേളനത്തിൽ ഫൗണ്ടേഷൻ ഭാരവാഹികളായ ഡോ. ജയിംസ് ചിറ്റിലപ്പിള്ളി, അഡ്വ. സുഷിൽ ഗോപാൽ, കെ.പി. അനൂപ്, മഹേഷ് പൗലോസ് എന്നിവർ പങ്കെടുത്തു.

ബിഎംഎസ് കലക്റ്ററേറ്റ് ധർണ 17ന്

തൃശൂർ: കേന്ദ്ര സർക്കാറിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ദേശീയ വ്യാപകമായി നടത്തുന്ന പ്രക്ഷോഭങ്ങളുടെ ഭാഗമായി ഈമാസം 17ന് കലക്റ്ററേറ്റിലേക്ക് പ്രകടനവും ധർണയും നടത്തുമെന്ന് ബിഎംഎസ് ജില്ലാ ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

രാവിലെ പത്തിന് ബിഎംഎസ് സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി സി. ബാലചന്ദ്രൻ ധർണ ഉദ്ഘാടനം ചെയ്യും. തൊഴിൽ മേഖലയിൽ ചൂഷണം നടത്തുന്ന തൊഴിലുടമകൾക്കെതിരെ കടുത്ത ശിക്ഷാനിയമങ്ങൾ കൊണ്ടുവരിക, ബാങ്ക് ജീവനക്കാരുടെ പ്രവൃത്തിദിനം ആഴ്ചയിൽ അഞ്ച് ദിവസമാക്കുക, എൽഐസി ജീവനക്കാരുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുക എന്നീ ആവശ്യങ്ങളും സംഘടന മുന്നോട്ടുവയ്ക്കുന്നുണ്ട്. രാജ്യത്തെ അങ്കണവാടി, ആശാ വർക്കർമാർ, എൻ.എച്ച്.എം. ജീവനക്കാർ എന്നിവരെ സർക്കാർ ജീവനക്കാരായി പരിഗണിച്ച് അവർക്ക് വേതനവും ആനുകൂല്യങ്ങളും നിയമപരിരക്ഷയും ഉറപ്പാക്കണമെന്നും കേന്ദ്ര-സംസ്ഥാന സർവിസുകളിലെ ഒഴിവുകൾ നികത്തി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്നും ബി.എം.എസ് ആവശ്യപ്പെട്ടു.ക

ക്ഷേമപദ്ധതി അംഗങ്ങളായ തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുക, കരാർ തൊഴിലാളികൾക്ക് തുല്യ ജോലിക്ക് തുല്യവേതനം ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളും ഉന്നയിച്ചു.

കഴിഞ്ഞ 12 വർഷമായി ഇന്ത്യൻ ലേബർ കോൺഫറൻസ് വിളിച്ചുചേർക്കാത്ത കേന്ദ്ര സർക്കാർ നടപടി അപലപനീയമാണ്. എത്രയും വേഗം സമ്മേളനം വിളിച്ച് രാജ്യത്തെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിക്കാൻ സർക്കാർ തയ്യാറാകണമെന്നും ഭാരവാഹികൾ കൂട്ടിച്ചേർത്തു. വാർത്താസമ്മേളനത്തിൽ ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം, പ്രസിഡന്റ് കെ.വി. വിനോദ്, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എ.സി. കൃഷ്ണൻ, എം.കെ. ഉണ്ണിക്കൃഷ്ണൻ എന്നിവർ പങ്കെടുത്തു.

സ്വാതന്ത്ര്യദിനത്തിൽ ഫ്രീഡം റൺ

മാള: രാജ്യത്തിന്റെ 80-ാം സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി സർക്കാരിന്റെ 'തൂഫാൻ' പദ്ധതിയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മാള പള്ളിപ്പുറം സ്വദേശി റോബിൻ ജേക്കബ് 53 കിലോമീറ്റർ ഫ്രീഡം റൺ സംഘടിപ്പിക്കുന്നു. മാള പള്ളിപ്പുറം സെ. ആന്റണീസ് പള്ളി അങ്കണത്തിൽ നിന്ന് ആരംഭിക്കുന്ന ഓട്ടം കൊടകര വഴി പുതുക്കാട് സെന്റ് ആന്റണീസ് പള്ളിയിലെത്തി തിരിച്ച് കൊടകര വഴി മാള റൂട്ടിലൂടെ വരുന്ന റോബിൻ പള്ളിപ്പുറം സെന്റ് ആന്റണീസ് പള്ളി അങ്കണത്തിൽ ഓട്ടം അവസാനിപ്പിക്കും. റോബിൻ ജേക്കബിന്റെ 53-ാം ജന്മദിനം കൂടിയാണ് ഓഗസ്റ്റ് 15. അതിനാൽ ജന്മദിന സമർപ്പണമായാണ് 53 കിലോമീറ്റർ ഫ്രീഡം റൺ സംഘടിപ്പിക്കുന്നത്.

മഴയിൽ മേൽക്കൂര തകർന്നു; കുടുംബം ദുരിതത്തിൽ

പാവറട്ടി: ശക്തമായ മഴയിൽ പാവറട്ടി പഞ്ചായത്ത് കൂരിക്കാട് ഒമ്പതാം വാർഡിൽ വീടിന്റെ മേൽക്കൂര തകർന്നു. നാലകത്ത് ചേന്ദംപുള്ളി മുഹമ്മദിന്റെ വീടാണ് തകർന്നത്.

മുഹമ്മദ് അസുഖബാധിതനായി മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിത്സയിലായതിനാൽ സംഭവ സമയത്ത് വീട്ടിൽ ആരും ഉണ്ടായിരുന്നില്ല. ഓടിട്ട വീടിന്റെ കഴുക്കോലുകൾ ജീർണാവസ്ഥയിലാണ്. ഏതു നിമിഷവും വീട് നിലംപൊത്താനുള്ള സാധ്യതയുണ്ട്. ചെറിയ കുട്ടികൾ ഉൾപ്പെടെ ഏഴ് പേരടങ്ങുന്നതാണ് മുഹമ്മദിന്റെ കുടുംബം. വാർഡ് മെമ്പർ ഹബീബ് പി. ഇബ്രാഹിം സ്ഥലം സന്ദർശിച്ചു. വിവരം പാവറട്ടി പഞ്ചായത്തിലും വില്ലേജിലും അറിയിച്ചതായും നേരത്തെ പഞ്ചായത്തിൽ പരാതി നൽകിയിരുന്നതായും അദ്ദേഹം പറഞ്ഞു.

ബന്ധപ്പെട്ട അധികൃതർ ഉടൻ ഇടപെട്ട് അപകടാവസ്ഥയിലുള്ള വീട്ടിൽ താമസിക്കുന്ന കുടുംബത്തിന്റെ സുരക്ഷ ഉറപ്പുവരുത്തണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

പഞ്ചായത്ത് ഓഫിസ് മാർച്ച് നടത്തി

നടത്തറ പഞ്ചായത്ത് ഓഫിസിലേക്ക് ബിജെപി നടത്തിയ പ്രതിഷേധ മാർച്ച്

നടത്തറ: ബിജെപി നടത്തറ പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തറ പഞ്ചായത്ത് ഓഫിസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി.

ആശ്രയ ഭവനങ്ങളിലെ അട്ടിമറി അന്വേഷിക്കുക, നടത്തറ-കണ്ണാറ ബിഎംബിസി റോഡ് നിർമാണം വേഗത്തിലാക്കുക, വാട്ടർ അതോറിറ്റിയുടെ മുളയം പമ്പ് ഹൗസിലെ 2,400 വീടുകളിലേക്ക് ശുദ്ധജലം പോകുന്ന വാട്ടർ ടാങ്കിലെ ബാക്ടീരിയ കണ്ടെത്തിയ പ്രശ്നത്തിൽ പഞ്ചായത്ത് ഉടൻ ഇടപെടുക, തെരുവ് നായ പ്രശ്നത്തിൽ ശാശ്വതമായ പരിഹാരം കാണുക എന്നീ വിഷയങ്ങൾ ഉന്നയിച്ചാണ് മാർച്ച് സംഘടിപ്പിച്ചത്. മാർച്ച് ബിജെപി സിറ്റി ജില്ലാ സെക്രട്ടറി നിബിൻ ശ്രീനിവാസൻ ഉദ്ഘാടനം ചെയ്തു.

ബിജെപി മുളയം ഏരിയ പ്രസിഡന്റ് സി.യു. രാകേശ് അധ്യക്ഷനായി. ബിജെപി മണ്ഡലം പ്രസിഡന്റ് അശ്വിൻ വാര്യർ, ട്രഷറർ ഡിവിജ്, സെക്രട്ടറി സി.ആർ. രാഗേഷ്, എ.പി. ശ്രീജിത്ത്, ഐ. പ്രസാദ് എന്നിവർ പങ്കെടുത്തു.

നാഗപഞ്ചമി ആഘോഷം

കോഴിക്കോട്: തളി ശ്രീ മഹാഗണപതി ശ്രീ ബാലസുബ്രഹ്മണ്യ ക്ഷേത്രത്തിൽ തിങ്കളാഴ്ച നാഗപഞ്ചമി ആഘോഷിക്കും. രാവിലെ മഹാഗണപതി ഹോമത്തോടെ പൂജാ ചടങ്ങുകൾ ആരംഭിക്കും. തുടർന്ന് രുദ്രാഭിഷേകം, മഹാ അഭിഷേകം, മഞ്ഞപ്പൊടി ആടൽ, നാഗപൂജ, അനന്ത പൂജ, അശ്വത്ഥ വൃക്ഷ പൂജ, മഹാനിവേദ്യം, മഹാ ദീപാരാധന എന്നിവ നടക്കും. പൂജകൾക്ക് ക്ഷേത്രം മുഖ്യ പുരോഹിതൻ ബാലസുബ്രഹ്മണ്യ ശർമ്മ മുഖ്യ കാർമികത്വം വഹിക്കും. വിശദ വിവരങ്ങൾക്ക് ഫോൺ: 9446503460.

ക്രൈസ്റ്റ് കോളെജ് പ്രിൻസിപ്പൽ ഫാ. ഡോ. ജോളി ആൻഡ്രൂസ് ചെടികൾ ഇരിങ്ങാലക്കുട പൊലീസ് സ്റ്റേഷൻ എസ്ഐ സൗമ്യയ്ക്ക് കൈമാറുന്നു

പൊലീസ് സ്റ്റേഷനിലേക്ക് ചെടികൾ നൽകി

ഇരിങ്ങാലക്കുട: ക്രൈസ്റ്റ് കോളെജിലെ സാമൂഹിക സേവന സംഘടനയായ തവനിഷ് സ്വാതന്ത്ര്യദിനം ഹരിതാഭമാക്കാൻ ഇരിങ്ങാലക്കുട പൊലീസ് സ്റ്റേഷനിലേക്ക് വിവിധ വിഭാഗത്തിൽ പെടുന്ന ചെടികൾ സമ്മാനിച്ചു. പ്രിൻസിപ്പൽ റവ. ഫാ. ഡോ. ജോളി ആൻഡ്രൂസ് ചെടികൾ എസ്ഐ സൗമ്യയ്ക്ക് കൈമാറി. ചടങ്ങിൽ എസ്ഐ മനോജ്, എഎസ്ഐമാരായ അൻവറുദ്ദീൻ, മെഹറുന്നിസ, സ്വപ്ന, ജിഎസ്സിപിഒമാരായ പ്രവീൺ, വിജോഷ്, സിപിഒമാരായ തോമാച്ചൻ, സവീഷ്, സുമി, രജീഷ്, ക്രൈസ്റ്റ് കോളെജ് തവനിഷ് സ്റ്റാഫ് കോർഡിനേറ്റർ ഡോ. മുവിഷ് മുരളി, ഡോ. ഭാഗ്യേഷ്, ഡോ. വന്ദന, അസി. പ്രൊഫസർമാരായ പ്രിയ, തൗഫീഖ് അൻസാരി, നിവേദ്യ, തവനിഷ് സ്റ്റുഡന്റ് സെക്രട്ടറി അഭിഷേക്, പ്രസിഡന്റ് നിമിഷ, മറ്റു വളന്റിയർമാർ എന്നിവർ പങ്കെടുത്തു.

HDB FINANCIAL SERVICES

എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

രജിസ്റ്റേഡ് ഓഫിസ്: ഭാഗം, രണ്ടാം നില, ലോ ഗാർഡൻ റോഡ്, നവ്രംഗ്പുര, അഹമ്മദാബാദ്, ഗുജറാത്ത്-380009, ബ്രാഞ്ച് ഓഫിസ്:- ലൈസേഴ്സ് എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, രണ്ടാം നില, സൺ സിറ്റി ബിൽഡിങ്ങ് കുറ്റാക്കത്തേരി, തൃശൂർ - 680007

അനുബന്ധം IV (പ്രൊസഷൻ നോട്ടീസ്) റൂൾ 8 (1) കാണുക

എന്തെന്നാൽ, 2002-ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്ട് പ്രകാരവും, 2002-ലെ സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസിലെ റൂൾ 3 പ്ലെം ചേർത്തുവായിക്കുന്ന വകുപ്പ് 13(12) പ്രകാരം ലഭിച്ച അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, ലൈസേഴ്സ് എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നോട്ടീസ് പുറപ്പെടുവിക്കുന്നു: നിങ്ങളുടെ ലോൺ അക്കൗണ്ട് നമ്പർ 4624640 ലെ തുക കുടിശികയായതിനെത്തുടർന്ന് 27-05-2026 തിയതിയിൽ അക്കൗണ്ട് കിട്ടാക്കടം ആയി പ്രഖ്യാപിച്ചിരിക്കുന്നു. ഇതിൻപ്രകാരം 05-05-2026 ലെ തിയതിയിൽ സെക്ഷൻ 13(2)